**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 871** — **10-08-2023 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി മണ്ഡലത്തിലെ അരയക്കാപ്പ് ആദിവാസി കോളനിയിൽ അടിസ്ഥാന സൗകര്യമൊരുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ചാലക്കുടി നിയോജകമണ്ഡലത്തിലെ ആതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ അരയക്കാപ്പ് ആദിവാസി കോളനി നിവാസികൾക്ക് പുറംലോകവുമായി ബന്ധപ്പെടുന്നതിന് വഴി സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലക്കപ്പാറയിൽ നിന്നും ഏകദേശം 3 കിലോമീറ്റർ കുത്തനെയുള്ള നിബിഡ വനപാതയിലൂടെ സഞ്ചരിച്ചാൽ മാത്രമേ അരേക്കാപ്പ് പട്ടികവർഗ്ഗ സങ്കേതത്തിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. നടപ്പാത മാത്രമാണ് സഞ്ചാരത്തിനായി ലഭ്യമായിട്ടുള്ളത്. |
| (ബി) | ചെങ്കുത്തായ കയറ്റങ്ങളും ഇറക്കങ്ങളുമുള്ള ചെറിയ നടപ്പാതയിലൂടെ നാലു കിലോമീറ്ററോളം ചുമന്നാണ് രോഗികളെ ഊരിൽ നിന്നും മലക്കപ്പാറയിൽ എത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>മറ്റ് യാത്രാ മാർഗ്ഗങ്ങൾ ഒന്നും ലഭ്യമല്ലാത്ത നിബിഡ വനമേഖലയായതിനാൽ കൈ ചുമടായി മാത്രമേ രോഗികളെ എത്തിക്കാൻ കഴിയുകയുള്ളൂ. ചെങ്കുത്തായ മലനിരകളിൽ റോഡ് നിർമ്മാണത്തിന് ആർമി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അടക്കമുള്ള ഉപദേശം ജില്ലാ ഭരണകൂടം തേടിയിരുന്നുവെങ്കിലും ഫലപ്രാപ്തിയിൽ എത്തിയില്ല. |
| (സി) | വന്യ മൃഗശല്യവും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുംമൂലം പ്രസ്തുത ഊരിൽ നിന്നും കുടുംബങ്ങൾ ഊര് ഉപേക്ഷിച്ച് പുറത്തേക്ക് പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഗൗരവത്തിലെടുത്ത് കുടുംബങ്ങൾ ഊര് ഉപേക്ഷിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അരേക്കാപ്പ് കോളനിയിൽ നിന്നും ചില കുടുംബങ്ങൾ കോളനി ഉപേക്ഷിച്ച് ഇടമലയാറിലേക്ക് കുടിയേറിയിട്ടുണ്ട്. ഇപ്പോൾ ആരും സ്ഥിര താമസമില്ല. |
| (ഡി) | പ്രസ്തുത ഊരിലേയ്ക്ക് വഴി സൗകര്യമൊരുക്കുന്നതിനായുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ഡി) | കോളനിക്കാരുടെ യാത്രാദുരിതം കണക്കിലെടുത്ത് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിന് 18 കോടി രൂപയുടെ എസ്റ്റിമേറ്റ് ജില്ലാ പ്ലാനിംഗ് ഓഫീസർ, ജില്ലാ കളക്ടർക്ക് നൽകിയിരുന്നുവെങ്കിലും ആയത് പ്രായോഗികമായിട്ടില്ല. തുടർന്ന് വകുപ്പ് മന്ത്രിയുടെ സന്ദർശനത്തെ തുടർന്ന് അരേക്കാപ്പ് കോളനി റോഡ് നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് മുഖേന 55 കോടിയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ സർവേ നടപടികൾ പൂർത്തിയാക്കാൻ പി.ഡബ്ല്യു.ഡി ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. നടപടികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിലയിരുത്തുന്നുണ്ട്. കൂടാതെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മിക്കുവാൻ കഴിയുമോ എന്ന സാധ്യത പരിശോധിച്ച് വരുന്നു. ആദ്യത്തെ 1 കിലോമീറ്റർ ദൂരം നടപ്പാത കോളനിക്കാരുടെ പങ്കാളിത്തത്തോടെ ഫോർമേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്നുള്ള ദൂരം വനഭൂമി ആയതിനാൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്) മുഖേനയും വനം വകുപ്പ് മുഖേനയും തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ